നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 സെപ്തംബർ 28, വെള്ളി

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 1979 സെപ്തംബർ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭാമന്ദിരത്തിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കശുവണ്ടി സംഭരണം

*84 [92] ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, കെ. എസ്. നാരായണൻ നമ്പൂതിരി:

,, എം. പി. ഗംഗാധരൻ:

,, തെന്നല ബാലകൃഷ്ണപിള്ള:

,, പി. ജെ. തോമസ്:

,, വി. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാർച്ച് 31-ന് അവസാനിക്കുന്ന ആണ്ടിൽ കശുവണ്ടി കോർപ്പറേഷൻ കശുവണ്ടി സംഭരിച്ചതിന്റെ കണക്കുകൾ ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ;

(സി) ഏത് ഏജൻസികൾ വഴിയായിട്ടാണ് ഫാക്ടറിക്ക് കശുവണ്ടി സംഭരിക്കാൻ കഴിഞ്ഞത്;

(ഡി) ഈ കാലഘട്ടത്തിൽ കേരളത്തിൽനിന്ന് തമിഴ്നാട്ടിലേക്ക് മാറ്റിയ ഫാക്ടറികൾ എത്ര?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ.പി. എസ്. ശ്രീനിവാസൻ): (എ, ബി, സി) കേരളാ കശുവണ്ടിവികസന കോർപ്പറേഷൻ നേരിട്ട് കശുവണ്ടി സംഭരിക്കാറില്ല. കേരളാസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് ഫെഡറേഷൻ കശുവണ്ടി സംഭരണം നടത്തിയ കണക്ക് ഗവൺമെൻറിന്റെ പക്കൽ ഉണ്ട്. കഴിഞ്ഞ കശുവണ്ടി സീസണിൽ (1979 ജാനുവരി മുതൽ ജൂലായ് ആഗസ്റ്റ് വരെ) മാർക്കറ്റിങ്ങ് ഫെഡറേഷൻ 34,775 മെട്രിക് ടൺ കശുവണ്ടി സംഭരിക്കുകയുണ്ടായി. കൂടാതെ കാഷ്യൂ കോർപ്പറേഷൻ ഓഫ് ഇൻഡ്യ 23,855 മെട്രിക് ടൺ തോട്ടണ്ടി കേരളത്തിലെ ഫാക്ടറികൾക്കുവേണ്ടി ഇറക്കുമതി ചെയ്യുകയുമുണ്ടായി.

(ഡി) ഈ കാലഘട്ടത്തിൽ കേരളത്തിലെ ഫാക്ടറികൾ തമിഴ്നാട്ടിലേക്ക് മാറ്റിയിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: കേരളത്തിൽ കശുവണ്ടി സംസ്ക്കരിക്കുന്നതിനെക്കാളും വളരെകുറഞ്ഞ ചെലവിൽ പുറം രാജ്യങ്ങളിൽ കശുവണ്ടി സംസ്ക്കരിച്ചെടുക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് വിദേശത്തേക്ക് ഈ വ്യവസായം പോകാനിടവരുന്നത്. നാഷണൽ മിനിമം വേജസ് പ്രഖ്യാപിക്കണമെന്ന് കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ? അതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: മറ്റ് സ്ഥലങ്ങളിൽ കൂലി കുറവാണെന്നുള്ളത് ശരിയാണ്. നാഷണൽ മിനിമം വേജസിന്റെ കാര്യം സെൻട്രൽ ഗവൺമെൻറിന്റെ മുമ്പിൽ ഉന്നയിച്ചിട്ടുണ്ട്. നാഷണൽ മിനിമം വേജസിന് പ്രയാസമുണ്ടെങ്കിൽ റീജിയണലായിട്ടെങ്കിലും മിനിമംവേജസ് പ്രഖ്യാപിക്കണമെന്ന് ഗവൺമെൻറ് വളരെ ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ അനുകൂലമായ നടപടി സെൻട്രൽ ഗവൺമെൻറിൽനിന്ന് ഉണ്ടായിട്ടില്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന കശുവണ്ടിക്ക് വർഷംതോറും വില കൂടിവരുന്നു. നമ്മുടെ രാജ്യത്ത് കുറെ ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടത്താൻവേണ്ട ഏർപ്പാട് ഗവൺമെൻറ് ചെയ്തുവെന്നാണ് മനസ്സിലാകുന്നത്. എത്ര ഏക്കർ സ്ഥലത്ത് കൃഷി നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എത്ര ഏക്കർ സ്ഥലമാണെന്നുള്ളതിന്റെ കൃത്യമായ കണക്ക് ഇപ്പോൾ ഇല്ല. പ്ലാന്റേഷൻ കോർപ്പറേഷനും ഫാമിങ്ങ് കോർപ്പറേഷനും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറും വിവിധ ഏജൻസികളും പതിനായിരക്കണക്കിന് ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യാനുള്ള പ്ലാൻ നടന്നുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: കഴിഞ്ഞകാലത്ത് സംഭരിച്ച കശുവണ്ടി തക്കസമയത്ത് എത്തിക്കാത്തതുകൊണ്ടും മഴകൊണ്ടും കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിയെന്ന് കേൾക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ സീസണിൽ അങ്ങനെയുള്ള കുഴപ്പമൊന്നും വന്നിട്ടില്ല. ഇതിനുമുമ്പ് അവസാനഘട്ടത്തിൽ പല പ്രയാസവും ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: കഴിഞ്ഞ വർഷം കശുവണ്ടിയുടെ സംഭരണം കുറവായിരുന്നുവെന്ന് കേൾക്കുന്നത് ശരിയാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിന്റെ കാരണം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കഴിഞ്ഞപ്രാവശ്യം കശുവണ്ടി സംഭരിച്ചതിനും തൊഴിൽ നടത്തിയതിനും എല്ലാംകൂടി കോർപ്പറേഷന് വന്നിച്ചതുക നഷ്ടമുണ്ടായി. കശുവണ്ടി സംഭരിക്കുന്നതിന് ഫെഡറേഷന് വളരെയധികം പ്രയാസമുണ്ടായി. കഴിഞ്ഞ പ്രാവശ്യം മുമ്പത്തേക്കാളും വില കുറവായിരുന്നു. കൃഷിക്കാരിൽനിന്നും സഹകരണസംഘങ്ങൾക്ക് ഏറ്റെടുക്കുന്നതിന് പ്രയാസം ഉണ്ടായി. വിവിധ കാരണങ്ങളാൽ കശുവണ്ടി വേണ്ടത്ര സംഭരിക്കാൻ കഴിഞ്ഞില്ല.

ശ്രീ. എ. വി. താമരാക്ഷൻ: കഴിഞ്ഞവർഷം ഈ സംസ്ഥാനത്തുനിന്ന് അന്യസംസ്ഥാനത്തിലേക്ക് എത്ര ടൺ കശുവണ്ടിയാണ് കടത്തിക്കൊണ്ടുപോയത്? അന്യസംസ്ഥാനങ്ങളിലേക്ക കശുവണ്ടി കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് എന്ത് സംവിധാനമാണ് ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അന്യസംസ്ഥാനത്തേക്ക് കൊണ്ടുപോയതിന്റെ കൃത്യമായ കണക്ക് ഇപ്പോൾ പറയാൻ കഴിയുകയില്ല. നല്ല തോതിൽ കശുവണ്ടി പുറത്തേക്ക് കൊണ്ടുപോയി. ഏത് വർഷത്തേക്കാളും കൂടുതൽ സെക്യൂരിറ്റി ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പല കാരണങ്ങളാലും നമുക്ക് കശുവണ്ടി വേണ്ടത്ര സംഭരിക്കാൻ കഴിഞ്ഞ പ്രാവശ്യം സാധിച്ചില്ല.

ശ്രീ. കല്ലട നാരായണൻ: ഇവിടെ സംഭരിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ കശുവണ്ടി കുറവായതുകൊണ്ടും കശുവണ്ടി തൊഴിലാളികൾക്ക് എല്ലാ സമയവും തൊഴിൽ കിട്ടുന്നില്ലെന്നുള്ളതും പരിഗണിച്ച് കശുവണ്ടി തൊഴിലാളിക്ഷേമനിധി ഏർപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുണ്ടോ? അതിൻമേൽ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കശുവണ്ടി ക്ഷേമനിധി ബില്ല് ഈ സഭയിൽത്തന്നെ അവതരിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സെൻട്രൽ ഗവൺമെൻറിലേക്ക് അയച്ചിട്ടുണ്ട്. സെൻട്രൽ ഗവൺമെൻറിന്റെ സാംഗ്ഷൻ കിട്ടണം.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ വർഷം മുപ്പതിനായിരം ടൺ കശുവണ്ടി സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കഴിഞ്ഞ വർഷം ഏകദേശം എഴുപത്തയ്യായിരത്തോളം സംഭരിച്ചിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. ഇതുതമ്മിൽ തട്ടിച്ചുനോക്കുമ്പോൾ വലിയ വ്യത്യാസം കാണാൻ കഴിയും. പുറത്തുള്ള ഏജൻസികൾ കൂടിയ വിലക്ക് സാധനങ്ങളെടുക്കുമ്പോൾ കൃഷിക്കാർ അവർക്ക് കൊടുക്കാൻ നിർബന്ധിതരാകും. പുറത്തുള്ള ഏജൻസികൾ കൂടിയവിലക്ക് എടുക്കാൻ തയ്യാറാകുമ്പോൾ അതിനോട് അടുപ്പിച്ച വിലകൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാകാത്തതുകൊണ്ടല്ലേ ഇങ്ങനെ സംഭവിക്കുന്നത്. ഈ സ്ഥിതി മുന്നോട്ടുപോയാൽ നമുക്ക് വേണ്ടത്ര കശുവണ്ടി സംഭരിക്കാൻ കഴിയാതെ പോകും. അത് പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും മാർഗ്ഗത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇതിനുമുമ്പ് അതെപ്പറ്റി പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞയാണ്ടിൽ വിദേശരാജ്യങ്ങളിൽ കശുവണ്ടിക്ക് കൂടുതൽ വിലയുണ്ടായിരുന്നു. അവിടെ വില ഇടിഞ്ഞപ്പോഴും അതിനനുസരണമായി ഇവിടെ വില തീരുമാനിക്കേണ്ടിവന്നു. സി. സി. ഐ.-യും ഗവൺമെൻറും ഒരേ വിലയാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനുശേഷം വിദേശമാർക്കറ്റിൽ കശുവണ്ടിക്ക് വില വർദ്ധിച്ചപ്പോഴും അതിനനുസരണമായി വില വർദ്ധിപ്പിക്കുകയുണ്ടായി. നമ്മളെ കൊടുത്തതിനേക്കാളും കൂടുതൽ വില കൊടുക്കാൻ സ്വകാര്യ ഏജൻസികൾക്ക് കഴിഞ്ഞുവെന്നുള്ളത് ശരിയാണ്. പുറത്തുകൊണ്ടുപോയി കുറഞ്ഞകൂലികൊടുത്ത് ജോലി ചെയ്യിക്കാൻ അവർക്ക് കഴിയും. നമുക്ക് അതിന് കഴിയില്ല.

ഡോക്ടർ ജോർജ് മാത്യു: കഴിഞ്ഞ കാലഘട്ടത്തിൽ രണ്ടുലക്ഷം ടൺ കശുവണ്ടി ഇറക്കുമതി ചെയ്തിരുന്നു. കേരളത്തിന് കശുവണ്ടി ഫാക്ടറി കൂടുതൽ ഉണ്ടായിരുന്നിട്ടും മദ്രാസിന് കശുവണ്ടിയുടെ വിഹിതം കൂടുതലായി അനുവദിക്കുന്നുവെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: മദ്രാസിന് കൂടുതൽ വിഹിതം അനുവദിച്ചിട്ടില്ല. ഫാക്ടറികളുടെ തോതനുസരിച്ച് കൂടുതൽ വിഹിതം കിട്ടുന്നത് കേരളത്തിനാണ്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: കശുവണ്ടി മറ്റ് നാടുകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നതുകൊണ്ടാണ് ഇവിടെയുള്ള പല മുതലാളിമാരും തമിഴ്നാട്ടിൽ ഫാക്ടറികൾ സ്ഥാപിക്കാൻ കാരണമായതെന്ന് പറയുന്നത് ശരിയാണോ? കള്ളക്കടത്ത് നടത്തിയിട്ടുള്ളവർക്കെതിരായി കേസ് എടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അയൽ സംസ്ഥാനങ്ങളിലേക്ക് ഫാക്ടറികൾ പോയത് കള്ളക്കടത്തിന് സൗകര്യമുള്ളതുകൊണ്ടല്ല. ഇവിടെയുള്ള മിനിമം വേജസും തൊഴിലാളികൾക്ക് കൊടുക്കുന്ന മറ്റ് ആനുകൂല്യങ്ങളും ഒന്നും അവിടെ കൊടുക്കേണ്ടതില്ല. ഒരുരൂപയും ഒന്നേകാൽ രൂപയും കൊടുത്ത് ജോലി ചെയ്യിക്കാൻ സൗകര്യമുള്ളതുകൊണ്ടാണ് അവിടെ ഫാക്ടറികൾ സ്ഥാപിക്കുന്നത്.

ശ്രീ. എസ്. ത്യാഗരാജൻ: കഴിഞ്ഞവർഷം മുൻവർഷത്തെ അപേക്ഷിച്ച് കശുവണ്ടി കുറച്ചേ സംഭരിക്കാൻ കഴിഞ്ഞുള്ളൂ. മാർക്കറ്റിങ്ങ് ഫെഡറേഷനെയല്ലാതെ മറ്റ് ഒരു ഏജൻസിയേയും ഗവൺമെൻറ് കശുവണ്ടി സംഭരിക്കാൻ ചുമതലപ്പെടുത്തിയിരുന്നില്ല. മാർക്കറ്റിങ്ങ് ഫെഡറേഷൻ അല്ലാതെ മറ്റ് ആരെങ്കിലും ഏജൻസി കശുവണ്ടി ശേഖരിച്ചിട്ടുണ്ടോ? നിയമവിധേയമല്ലാതെ കശുവണ്ടി ശേഖരിച്ചവരുടെപേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? എത്രപേരുടെമേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: മാർക്കറ്റിങ്ങ് ഫെഡറേഷൻ ആണ് പൊതു ഏജൻസിയായി പ്രവർത്തിച്ചത്. അതുകൂടാതെ മറ്റ് സ്വകാര്യ ഏജൻസികളും വാങ്ങിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ നിയമ വിരുദ്ധമായി കൊണ്ടുപോയിട്ടുണ്ട്. അതിന് അവരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്. ഇപ്പോഴും ചില കേസുകളും നിലവിലിരിക്കുന്നുമുണ്ട്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: കശുവണ്ടി സംഭരണത്തിലും അതിന്റെ വിപണനത്തിലും മറ്റുമുണ്ടായിട്ടുള്ള നഷ്ടത്തിനു പ്രധാനമായ കാരണം അന്താരാഷ്ട്ര വിപണിയിലുണ്ടാകുന്ന വിലവ്യത്യാസവും കർഷകരുടെ ഉൽപ്പാദനച്ചെലവു കണക്കിലെടുത്തുകൊണ്ട് വില നിശ്ചയിക്കുന്നതും ഇവിടെയുള്ള തൊഴിലാളികളുടെ കൂലിക്കൂടുതലാണെന്നും മറ്റും പറയുകയുണ്ടായി. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് കർഷകരുടെ ഉൽപ്പാദനച്ചെലവു കണക്കാക്കി അവർക്ക് നഷ്ടമുണ്ടാകാത്ത വിധത്തിലുള്ള ഒരു വില നിശ്ചയിക്കുകയും ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കശുവണ്ടി സംഭരിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകൂടേ? ഈ വരുന്ന സീസണിൽ ഇവിടത്തെ മുഴുവൻ കശുവണ്ടിയും സംഭരിക്കുന്ന നടപടികളും എത്രത്തോളമായി? സംഭരണത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകാല നടപടികളിലെ പോരായ്മകളും പരിഹരിക്കുന്നതിന് എന്തെല്ലാം കൂടുതൽ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ പ്രാവശ്യത്തെ സംഭരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ച് ആലോചനകളും നടന്നുകൊണ്ടിരിക്കുകയാണ്. അവസാനമായി അതേപ്പറ്റി ഒരു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: കഴിഞ്ഞകൊല്ലം ഏകദേശം 23 കോടി രൂപയോളം നഷ്ടം വന്നു എന്നു പറഞ്ഞു. ഈ കൊല്ലം അങ്ങനെ നഷ്ടം വരുമോ എന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കഴിഞ്ഞപ്രാവശ്യം ഉണ്ടായ നഷ്ടത്തിന്റെ കാരണങ്ങളും എല്ലാവർക്കും അറിയാം. കശുവണ്ടി സംഭരിച്ചത് എടുക്കാൻ സ്വകാര്യ മുതലാളിമാർ വിസമ്മതിച്ചു. അതുകൊണ്ട് മുഴുവൻ കശുവണ്ടിയും കോർപ്പറേഷനു എടുക്കേണ്ടിവന്നു. അതിന്റെ ഫലമായി 90-ൽ പരം കശുവണ്ടി ഫാക്ടറികളും സ്വകാര്യ മുതലാളിമാരിൽനിന്നു പാട്ടത്തിനെടുത്തു കശുവണ്ടി തല്ലിക്കാൻ തുടങ്ങി. അതെല്ലാം കോർപ്പറേഷന്റെ കഴിവിനു അപ്പുറത്തുള്ള കാര്യമായിരുന്നു. അതുകൊണ്ടാണ് പത്തു പതിനേഴു കോടി രൂപയുടെ നഷ്ടം വന്നത്, ഈ വർഷം നഷ്ടമില്ല, അടുത്ത വർഷവും നഷ്ടം വരുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. ടി. കുമാരൻ: നമ്മുടെ സംസ്ഥാനത്ത് കാസർകോട്, ഹോസ്ദുർഗ് മുതലായ പ്രദേശങ്ങളിലെ പതിനായിരക്കണക്കിനു ഏക്കർ ഭൂമിയിലെ കശുമാവ് മരങ്ങളും സ്വകാര്യ മുതലാളിമാർ വെട്ടിനശിപ്പിക്കുന്നതു തടയുന്നതിനായി ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് ഇത്തരത്തിൽ കശുമാവ് മരങ്ങളും മുറിച്ചുവിൽക്കുന്നത് തടയുന്നതിന് കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു തടയുന്നതിനുള്ള നിയമനിർമ്മാണംതന്നെ നടത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനാവശ്യമായ പ്രാഥമിക നടപടികളും ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: കശുവണ്ടി വ്യവസായം ഉൾപ്പെടെയുള്ള പല വ്യവസായങ്ങളും കേരളത്തിൽനിന്നു മറ്റു സംസ്ഥാനങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഒരു ദേശീയ വേതനനയം അല്ലെങ്കിൽ മേഖലാടിസ്ഥാനത്തിലുള്ള ഒരു വേതനനയമെങ്കിലും സ്വീകരിക്കണമെന്നുള്ള കാര്യത്തെക്കുറിച്ച് ഈ ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ? അതിനുവേണ്ടി തമിഴ്നാട് മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇവിടത്തെ തൊഴിലാളികൾക്ക് ജോലി കിട്ടുന്നതിന് ഉപകരിക്കത്തക്ക രീതിയിൽ ഒരു ദേശീയ വേതനനയം അംഗീകരിക്കുന്നതിൽ എന്താണ് ബുദ്ധിമുട്ട്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിനു ഞാൻ ഉത്തരം പറഞ്ഞു, സ്വാഭാവികമായി അയൽ സംസ്ഥാനങ്ങൾ ഇതിൽ അത്രത്തോളം താൽപ്പര്യം കാണിക്കുന്നില്ലെന്നുള്ള ദുഃഖകരമായ വസ്തുത അവശേഷിക്കുന്നു.

ശ്രീ. ജി പി. മംഗലത്തുമഠം: കശുവണ്ടി സംഭരണത്തിന് സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തി കുറേ കശുവണ്ടി സംഭരിച്ചിട്ടുണ്ട്. അതിലുള്ള ക്രമക്കേടുകൾ കാരണം ഭീമമായ നഷ്ടം സഹകരസംഘങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതു നികത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ പ്രാവശ്യം സംഭരിച്ചതിൽ നഷ്ടം വന്നതായി അറിവില്ല.

ശ്രീ. ജി. പി. മംഗലത്തുമഠം: ആദ്യ സംഭരണത്തിൽവന്ന നഷ്ടം നികത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതേപ്പറ്റി കാര്യമായി സഹകരണ സംഘങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

ഡോക്ടർ ജോർജ് മാത്യു: ബഹുമാനപ്പെട്ട മന്ത്രി ഇന്നു കേരളത്തിൽ നിന്നു കശുവണ്ടി വ്യവസായം തമിഴ്നാട്ടിൽ പോകുന്നില്ലെന്നു പറഞ്ഞു. പക്ഷേ പ്ലാനിംഗ് ബോർഡിൻെറ ഒരു പബ്ലിക്കേഷനിൽ പറയുന്നത്, there is a tendency for industries to migrate to Tamil Nadu. The absence of inducement offered by the State Government has led to this migration എന്നാണ്. മദ്രാസ് ഗവൺമെൻറ് ഈ വ്യവസായത്തിന് പ്രത്യേകമായ ചില ആനുകൂല്യങ്ങൾ അനുവദിച്ചതിൻെറ പേരിലാണ് ഇത്രയധികം വ്യവസായങ്ങൾ അവിടേക്ക് പോകുന്നതെന്ന് അതിൽ പറഞ്ഞിട്ടുള്ളത്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പറ്റി പഠിച്ച് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ വർഷത്തിൽ പോകുന്നുണ്ടോ എന്നാണ് ചോദ്യം. ഈ വർഷം പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നു മറുപടി പറഞ്ഞു. കൊല്ലത്തുള്ള മുതലാളിമാർ നടത്തുന്ന കുറെ ഫാക്ടറികൾ അവിടെയുണ്ട്. അത് ഈ സ്റ്റേറ്റിൽനിന്നു പോയിട്ടുള്ളതാണ്. എന്തുകൊണ്ടു പോകുന്നതെന്നു ചോദിച്ചാൽ അവർ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതുകൊണ്ടാണ്. പക്ഷേ ഈ വ്യവസായം പോകുന്നതിന് പ്രധാനപ്പെട്ട പ്രചോദകശക്തി അവിടെ കൂലി വളരെ കുറവാണെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly